# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം/176/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3.കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ കെ എൽ എം/176/22 തീയ്യതി: 05/07/2022

## കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2020 മുതൽ 20-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. പി. മാത്യൂറോയ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-01-2022 | 29-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-01-2022 | 29-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ. ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. മഞ്ജുള സാഗർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ വി ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഹർഷ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. കെ. ചന്ദ്രകുമാരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിഷ്ണു. ആർ. | സെക്രട്ടറി | 01-04-2019 | 25-02-2020 |
| ശ്രീമതി.അനു.സി എസ് | സെക്രട്ടറി | 26-02-2020 | 31-03-2020 |
| ശ്രീമതി. മിത. വി. ധരൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഒസീലബീവി. ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 25-08-2019 |
| ശ്രീമതി.പ്രീയ എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-08-2019 | 31-03-2020 |
| ശ്രീമതി. സാവിത്രിദേവി. കെ. | സി.ഡി.പി.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി. ശ്രീജ. പി. | സി.ഡി.പി.ഒ, അഡീഷണൽ | 01-04-2019 | 31-03-2020 |
| ഡോ. അഞ്ജു വിജയൻ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളക്കട) | 01-04-2019 | 30-04-2019 |
| ഡോ.ജോൺ മാത്യൂ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളക്കട) | 01-05-2019 | 03-06-2019 |
| ഡോ.ശോഭ കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കുളക്കട) | 03-06-2019 | 31-03-2020 |
| ശ്രീമതി.അമൃ ആർ ബാബു | ക്ഷീര വികസന ഓഫീസർ | 01-04-2019 | 28-08-2019 |
| ശ്രീമതി.മീര | ക്ഷീര വികസന ഓഫീസർ | 29-08-2019 | 31-03-2020 |
| ശ്രീ. സുനിൽ കുമാർ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സുബിൻ. എസ്. | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. നിസാം. എം. എ. | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. അജിത് കുമാർ. പി. വി. | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-3 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: G.Sajikumar (Audit Officer (HG), On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: G.Sajikumar (Audit Officer (HG), On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-9 |
| 11 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ലഭ്യമാകാനുള്ളത് 3,37,107/-രൂപ<br>Written By: G.Sajikumar (Audit Officer (HG), On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-10 |
| 12 | കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.<br>Written By: G.Sajikumar (Audit Officer (HG), On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-11 |
| 13 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 59,551/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം.<br>Written By: G.Sajikumar (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-12 |
| 14 | വാട്ടർ പ്യൂരിഫയർ വാങ്ങൽ - മുൻകൂറായി തുക നല്കിയെങ്കിലും പദ്ധതി നടപ്പായില്ല - ചെലവ്തുക തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-13 |
| 15 | സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല - പദ്ധതിനിർവഹണത്തിന്റെ തൽസ്ഥിതിവിവരം ലഭ്യമല്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 27-01-2022) | 1-14 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | |
| 16 | PMAY (ജനറൽ) - പണി പൂർത്തീകരിക്കാത്തത്.<br>Written By: G.Sajikumar (Audit Officer (HG), On 28-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-15 |
| 17 | ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: G.Sajikumar (Audit Officer (HG), On 27-01-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-16 |
| 18 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ലാത്ത ഉദ്ഘാടനത്തിന് തുക ചെലവഴിച്ചു.<br>Written By: G.Sajikumar (Audit Officer (HG), On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-17 |
| 19 | പഠനമുറി ലഭിച്ചവർക്ക് അനുബന്ധസൗകര്യങ്ങൾ - പദ്ധതി നിർവഹണത്തിൽ ഗുരുതരവീഴ്ച.<br>Written By: Rajan.V.D (Senior Grade Auditor, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-18 |
| 20 | വിവിധ സബ് സെന്ററുകളിൽ ടോയിലെറ്റ് നിർമ്മാണം - പ്രവൃത്തിമൂല്യം കരാർ തുകയിൽ പരിമിതപ്പെടുത്തിയിട്ടില്ല. 9,800/-രൂപ അധികം നല്കി<br>Written By: G.Sajikumar (Audit Officer (HG), On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 1-19 |
| 21 | രേഖകൾ ഹാജരാക്കിയില്ല- 6,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Manjula Sagar (Asst. Audit Officer, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-20 |
| 22 | നിയന്ത്രണപരിധിയിലല്ലാത്ത സ്ഥാപനത്തിന് ആസ്തി ആർജ്ജിക്കുന്നതിന് പൊതുപണം ചെലവഴിച്ചു, 8,33,088/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 1-21 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പഠനമുറി ലഭിച്ചവർക്ക് അനുബന്ധസൗകര്യങ്ങൾ - പദ്ധതി നിർവഹണത്തിൽ ഗുരുതരവീഴ്ച.<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 3-1 |
| 2 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ലാത്ത ഉദ്ഘാടനത്തിന് തുക ചെലവഴിച്ചു.<br>Written By: Rajan.V.D (Senior Grade Auditor, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 3-2 |
| 3 | വിവിധ സബ് സെന്ററുകളിൽ ടോയിലെറ്റ് നിർമ്മാണം - പ്രവൃത്തിമൂല്യം കരാർ തുകയിൽ പരിമിതപ്പെടുത്തിയിട്ടില്ല. 9,800/-രൂപ അധികം നൽകി.<br>Written By: G.Sajikumar (Audit Officer (HG), On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajan.V.D (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| | Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | |
| 6 | സ്ഥിര നിക്ഷേപം<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Manjula Sagar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manjula Sagar (Asst. Audit Officer, On 03-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 04-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajan.V.D (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajan.V.D (Senior Grade Auditor, On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: G.Sajikumar (Audit Officer (HG), On 01-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 05-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

26/2/2019 തീയതിയിലെ 1 നം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 13.2.2020 തീയതിയിലെ 111(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 7.5.2019 - | - | - |

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) RP 40 (A) & (B)-യിലെ ബാങ്ക് അക്കൗണ്ടുകളുമായി വാർഷിക ധനകാര്യപത്രിക സാംഖ്യയിൽ റികൺസീലിയേറ്റ് ചെയ്യുന്നില്ല.
2) RP-32, RP-45 ഷെഡ്യൂളുകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
3) ഇ.എം.എസ് ലോൺ - ചക്കുവരക്കൽ സർവീസ് സഹകരണ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 വർഷം മുതലിൽ തിരിച്ചടക്കാൻ ബാക്കിയുള്ള 6,00,000/-രൂപയിൽ 5,99,999/-രൂപ തിരിച്ചടച്ചിട്ടുണ്ട്. മുതലിൽ ബാക്കി 1/-രൂപ. എന്നാൽ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം ഈയിനത്തിൽ ബാക്കി 48,29,559/-രൂപ.
4) ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ബറിയൽ ലാൻഡ് എന്നയിനത്തിൽ 20,00,000/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഒരു ആസ്തിയുള്ളതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
5) ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളും RP-36 (വരവ്, ചെലവ്) മായി പൊരുത്തപ്പെടുന്നില്ല.
6) ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളും RP-34 (വരവ്, ചെലവ്) മായി പൊരുത്തപ്പെടുന്നില്ല.
7) ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ - Contracter's EMD - 2018-19 ൽ 11,500/-രൂപ, 2019-20 ൽ 15,500/-രൂപ, 4,000/-രൂപയുടെ വരവ് സംബന്ധിയായ രേഖകൾ ലഭ്യമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,19,54,120/-രൂപ |
| വരവ് | 6,15,88,085/-രൂപ |
| ആകെ | 11,35,42,205/-രൂപ |
| ചെലവ് | 7,17,99,671/-രൂപ |
| നീക്കിയിരിപ്പ് | 4,17,42,534/-രൂപ |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാനാവാത്ത തുക | 2,08,523/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,84,31,783/-രൂപ |

## 1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ്(രൂപ) | ആകെ(രൂപ) | ചെലവ്(രൂപ) | നീക്കിയിരിപ്പ്/ലാപ്സായ തുക (രൂപ) | കൃ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) (എ.സി.ആർ പ്രകാരം) | 0 | 4,90,50,000/- | 4,90,50,000/- | 3,76,73,094/- | 1,13,76,906/- | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2,86,80,000/- | 2,86,80,000/- | 2,47,97,141/- | 38,82,859/- | |

| | | | | | | |
|---|---|---|---|---|---|---|
| (എ.സി.ആർ പ്രകാരം) | | | | | | |
| സി.എഫ്.സി - അൺടൈഡ് (എ.സി.ആർ പ്രകാരം) | 0 | 73,40,000/- | 73,40,000/- | 49,88,158/- | 23,51,842/- | |
| സി.എഫ്.സി - ടൈഡ് (എ.സി.ആർ പ്രകാരം) | 0 | 73,40,000/- | 73,40,000/- | 43,61,560/- | 29,78,440/- | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് (എ.സി.ആർ പ്രകാരം) | 0 | - | - | - | - | |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 68,94,100/- | 68,94,100/- | 68,80,136/- | - | |
| സമ്പൂർണ്ണ ശുചിത്വം | 16,89,716/- | 3,64,563/- | 20,33,279/- | 8,70,203/- | 11,63,076/- | |
| പി.എം.എ.വൈ | 4,35,20,190/- | 4,830/- | 4,35,26,020/- | 4,33,71,970/- | 1,54,050/- | |
| വാട്ടർഷെഡ് (I W M D) | 15,26,336/- | 6,12,727/- | 21,39,063/- | 15,36,132/- | 6,02,931/- | |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 2,39,698/- | 2,39,698/- | 2,39,698/- | - | |
| M P L A D | 23,76,427/- | 74,64,627/- | 1,08,41,054/- | 85,10,586/- | 23,30,468/- | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) 1 | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 9,70,20,110/- | 79 | 4,49,51,590/- | 60 | 5 | 55% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2,39,698/- | 2,39,698/- | 2,39,698/- | - |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-01-2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവില്ലായിരുന്നു. ക്യാഷ് ബുക്ക്, ക്യാഷ് ചെസ്റ്റ് എന്നിവ പ്രകാരം നീക്കിയിരിപ്പും ഇല്ലായിരുന്നു.

1-8 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലോ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഓഫീസിലോ മാന്വൽ രസീതുകൾ ഉപയോഗിക്കുന്നതായി കാണുന്നില്ല.
ബ്ലോക്ക് പഞ്ചായത്തിന്റെയോ സർക്കാരിന്റെയോ ആസ്തി അല്ലാത്ത സഹകരണ ആശുപത്രിയ്ക്ക് കെട്ടിടവും, ടോയ്‌ലറ്റ് ബ്ലോക്കും പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു നൽകിയതായി കാണുന്നു. സർക്കാർ അനുമതിയില്ലാതെ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പൊതുപണം ചെലവഴിച്ചത് ദുർവിനിയോഗമാണ്.
കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി മുൻകൂറായി തുക കെൽട്രോണിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ നാളിതുവരെ ലഭിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള കമ്പ്യൂട്ടർ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചുവരുന്നില്ല. യഥാസമയം വിനിയോഗ സാക്ഷ്യപത്രം തുക നൽകിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായവയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുവാനും ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇ-ടെണ്ടർ, ടെണ്ടർ ഫോറവില ഇനത്തിൽ ലക്ഷക്കണക്കിന് രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കുവരുത്തുവാൻ അവശേഷിക്കുന്നു. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കുംവിധം പദ്ധതികൾ ആവിഷ്കരിക്കുവാനും, സർക്കാർ നിർദ്ദേശപ്രകാരം സംരക്ഷണ ഗ്രാന്റ് (റോഡിതരം) ചെലവഴിക്കുവാനും സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട് എന്ന് വിലയിരുത്തുന്നു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.01.2022 | 2020-21 | ലഭിച്ചില്ല |
| അക്കൌണ്ട് ജനറലിന്റെ ഓഡിറ്റ് | 23.06.18 – 30.06.18 | 2013-14 മുതൽ 2017-18 വരെ | 13.08.18 |

1-10 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ലഭ്യമാകാനുള്ളത് 3,37,107/-രൂപ

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകളിൽ ബ്ലോക്ക് പഞ്ചായത്തിൻറെ അക്കൗണ്ടിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ 3,37,107/-രൂപ അവശേഷിക്കുന്നു. ടി തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻഫർ ക്രെഡിറ്റ് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 11-08-2018 മുതൽ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ്, ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ക്രെഡിറ്റ് ചെയ്തു വരുന്നത്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഫാറവില ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

1-11 കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം 85/ 19-20, എസ് സി കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക -

| | |
|---|---|
| വികസന ഫണ്ട് (ജനറൽ | 37,600/- |
| വികസന ഫണ്ട്(എസ് സിപി) | 61,20,000/- |
| ആകെ | 61,57,600/- |

ടി പ്രോജക്റ്റിനായി കേരളാ വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ള 48,05,600/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| ക്രമ നം | കോളനിയുടെ പേര് | തുക(രൂപ) | ബിൽ നം, തീയതി |
|---|---|---|---|
| 1 | അമ്പലക്കര ബാലംകോണം | 7,30,000/- | 52/19-20,18-10-2019 |
| 2 | അണ്ടൂർ കരിക്കുഴി | 4,60,000/- | 50/19-20,18-10-2019 |
| 3 | മുളമുക്ക് -കൊച്ചുകോളനി | 2,81,600/- | 53/19-20,18-10-2019 |
| 4 | ഭജനമണ്ഡപം | 10,94,000/- | 55/19-20,18-10-2019 |
| 5 | കാമത്തു കോളനി, പേഴുവിള | 8,82,900/- | 51/19-20,18-10-2019 |
| 6 | കാക്കത്താനം കോളനി | 11,80,000/- | 56/19-20,18-10-2019 |
| 7 | കടമ്പാട്ടു കോളനി | 1,77,100/- | 62/19-20,18-10-2019 |
| | ആകെ | 48,05,600/- | |

വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിലാൽ 48,05,600/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സം - 48,05,600/-രൂപ

ഓഡിറ്റ് അന്വേഷണം-09, തീയതി-01-02-2022

1-12 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 59,551/-രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം.

സർക്കുലർ 59827/FM/07/ത.സ്വ.ഭ.വ 30-10-2007 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി) 177/06/ ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2019-20 സാമ്പത്തിക വർഷത്തിൽ ടാർ വീപ്പയുടെ വില (ജി എസ് ടി ഉൾപ്പെടെ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ ടാർ വീപ്പയുടെ വില, ജി എസ് ടി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ടാർ വീപ്പയുടെ വില(രൂപ) | ജിഎസ് ടി (രൂപ) | ആകെ(രൂപ) |
|---|---|---|---|---|
| 1 | കച്ചേരിമുക്ക് ലക്ഷംവീട് കോളനി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-5,80,000/-(വികസന ഫണ്ട് )<br>ബിൽ നം-8/19-20, 29-06-19 | 4,302/- | 774/- | 5,076/- |
| 2 | തലയ്ക്കൽ മുക്ക് നിരപ്പുവിള റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-5,50,000/-(വികസന ഫണ്ട് )<br>ബിൽ നം-5/19-20, 29-06-19 | 5,497/- | 989/- | 6,486/- |
| 3 | അമ്പലക്കര കരിശ്ശടി റോഡ് റീ ടാറിംഗ് | 8,843/- | 1,061/- | 9,904/- |

| | | | | |
|---|---|---|---|---|
| | അടങ്കൽ തുക-12,00,000/-(വികസന ഫണ്ട് )<br>ബിൽ നം-, 24/19-20 05-08-19 | | | |
| 4 | മടന്തങ്കുഴി നരിക്കൽ റോഡ് റീ ടാറിഗ്<br>അടങ്കൽ തുക-9,00,000/-(വികസന ഫണ്ട് )<br>ബിൽ നം-, 52/19-20 26-03-20 | 4,760/- | 860/- | 5,620/- |
| 5 | ചേത്തടി സാമില്ല് ജംഗ്ഷൻ മൈലാട്ടംപാറ റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-16,00,000/-(വികസന ഫണ്ട് )<br>ബിൽ റഫറൻസ് നം-, 217550/19-20 21-06-2019 | 10,755/- | 1,935/- | 12,690/- |
| 6 | ചെങ്ങമനാട് ഇരുവേലിക്കൽ സെൻറ്മേരീസ് ഓർത്തഡോക്സ് ചർച്ച് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-8,00,000/-(വികസന ഫണ്ട് )<br>ബിൽ റഫറൻസ് നം-, 2257552/19-20 21-06-2019 | 6,931/- | 1,247/- | 8,178/- |
| 7 | ഐരക്കുഴി സത്യവാൻമുക്ക് റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക-10,00,000/-(വികസന ഫണ്ട് )<br>ബിൽ നം-, 55/19-20 21-04-2020 | 9,828/- | 1,769/- | 11,597/- |
| | ആകെ | 50,916/- | 8,635/- | 59,551/- |

സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടിയിരുന്നതും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ടി തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-13 വാട്ടർ പ്യൂരിഫയർ വാങ്ങൽ - മുൻകൂറായി തുക നല്കിയെങ്കിലും പദ്ധതി നടപ്പായില്ല - ചെലവ്തുക തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് നമ്പർ – 12/19-20
കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ
അടങ്കൽ തുക – 50,000/-രൂപ (സംരക്ഷണ ഫണ്ട്-നോൺ റോഡ്)
ചെലവ് തുക – 47,000/-രൂപ (ബിൽ നം/തീ -19/19-20, 23-02-20)
നിർവഹണം – സെക്രട്ടറി

ഈ പദ്ധതി നിർവഹണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/19-20:22-01-2022) ലഭ്യമാക്കിയ മറുപടിപ്രകാരം, വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിനായി PWD Electronics വിഭാഗത്തിൽ 47,000/-രൂപ ഒടുക്കിയിട്ടുണ്ട്. നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ഉപകരണം വാങ്ങി സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ പണം സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കാത്ത രീതിയിലുള്ള പദ്ധതിപ്രവർത്തനങ്ങൾ അംഗീകരിക്കാവുന്നതല്ല. പദ്ധതി നിർവ്വഹണാധികാരിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിനിർവഹണം പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനോ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സം – 47,000/-രൂപ
ഓഡിറ്റ് എൻക്വയറി നം – 1/19-20, 22.01.22

**1-14 സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായില്ല - പദ്ധതിനിർവഹണത്തിന്റെ തൽസ്ഥിതിവിവരം ലഭ്യമല്ല. ചെലവ്തുക തടസ്സത്തിൽ**

വയ്ക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (നം) | ചെലവ് തുക (രൂപ) | ബിൽ നം/തീ | വിവരണം |
|---|---|---|---|---|
| 1 | ആറ്റുവാശ്ശേരി കരിക്കത്തിൽ കോളനി കുടിവെള്ള പദ്ധതി(136/19-20) വികസനഫണ്ട്-SCP | 8,58,658/- | 43/16/07.19 | ഭൂജലവകുപ്പ് ജില്ലാ സെക്രട്ടറിയുടെ 8-11-2021ലെ ജികെറ്റി/1918/2018 നം കത്ത് പ്രകാരം പദ്ധതി പൂർത്തീകരിച്ചതായും 13,188/-രൂപ അവശേഷിക്കുന്നതായും UC ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടതാണ്. (13,188/-രൂ തടസ്സത്തിൽ വയ്ക്കുന്നു) |
| 2 | അഗതി ആശ്രയ പുനരധിവാസം (മൈലം, കുളക്കട, വെട്ടിക്കവല, പവിത്രേശ്വരം,മേലില) ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നല്കൽ (24/19-20) വികസനഫണ്ട്-ജനറൽ | 5,00,000/- ഒരു പഞ്ചായത്തിന് ഒരു ലക്ഷം രൂപ വീതം) | 77/22.08.19 (4,00,000/-) 71/24.07.19 (1,00,000/- മേലില) | മേലില, മൈലം ഗ്രാമപഞ്ചായത്ത് UC ലഭ്യമാക്കി. (3,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു) |
| 3 | പാലിയേറ്റീവ് കെയർ (34/19-20) വികസനഫണ്ട്-ജനറൽ | 11,00,000/- | മേലില – 2,00,000/-(72 /24-07-29) ഉമ്മന്നൂർ, കുളക്കട, പവിത്രേശ്വരം,വെട്ടിക്കവല- 2,00,000/- രൂപ വീതം (78/22-08-19) മൈലം- 1,00,000/- (78/22-08-19) | മൈലം, മേലില ഗ്രാമപഞ്ചായത്തുകൾ UC ലഭ്യമാക്കി. (8,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു) |
| 4 | മുച്ചക്രവാഹനം – ഗ്രാമപഞ്ചായത്തിന് വിഹിതം നല്കൽ (27/19-20) വികസനഫണ്ട്-ജനറൽ | 2,00,000/- (ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന് നല്കി) | 69/24-07-19 | തൽസ്ഥിതിവിവരം ലഭ്യമല്ല. (2,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു) |
| 5 | തുടർസാക്ഷരതാ പദ്ധതിക്ക് സഹായം (17/19-20) വികസനഫണ്ട്-ജനറൽ | 70,000/- | 81/22-08-19 | തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. (7,00,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു) |
| | | | ആകെ | 20,13,188/- |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികളുടെ ധനവിനിയോഗം സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ്തുക 20,13,188/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സം – 20,13,188/-രൂപ

ഓഡിറ്റ് അന്വേഷണം- 01/22-01-22

1-15 PMAY (ജനറൽ) - പണി പൂർത്തീകരിക്കാത്തത്.

പ്രോജക്ട് നം. 134/19-20

അടങ്കൽ – 4,48,000/- രൂപ (വികസനഫണ്ട്-ജനറൽ)

ചെലവ് – 4,48,000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

PMAY ജനറൽ എന്ന പ്രോജക്ട് പ്രകാരം ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് 1,12,000/-രൂപ വീതം നാല് ഗുണഭോക്താക്കൾക്കായി തൻവർഷം ആകെ 4,48,000/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. തുക കൈപ്പറ്റിയവരിൽ ശ്രീമതി. ഗ്രേസി, കൊച്ചുകുന്നിൻപുറം, വെട്ടിക്കവല എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (1/22.01.22) മറുപടി ലഭ്യമാക്കിയില്ല. മേൽ ഗുണഭോക്താവിനെക്കൊണ്ട് പണി പൂർത്തീകരിപ്പിക്കുകയോ അല്ലാത്തപക്ഷം തുക തിരിച്ചടപ്പിയ്ക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ്തുക 1,12,000/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സം – 1,12,000/-രൂപ

ഓഡിറ്റ് എൻക്വയറി നം – 1/22.01.22

1-16 ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2019-20 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മാണം (ജനറൽ)-18/2020; ലൈഫ് ഭവനനിർമ്മാണം (എസ് സി പി)-28/2020 എന്നീ പദ്ധതികളിലായി ബ്ലോക്ക് പരിധിയിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്കായി വിഹിതം നല്കിയിരുന്നു. പഞ്ചായത്തുകൾ നാളിതുവരെ വിനിയോഗസാക്ഷ്യപത്രം പൂർണ്ണമായും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്ത് | നല്കിയ തുക(രൂപ) | | UC ലഭ്യമായ തുക(രൂപ) | | UC ലഭ്യമാകാൻ അവശേഷിക്കുന്ന തുക (രൂപ) | |
|---|---|---|---|---|---|---|---|
| | | ലൈഫ് (ജന) | ലൈഫ്(scp) | ലൈഫ് (ജന) | ലൈഫ്(scp) | ലൈഫ് (ജന) | ലൈഫ്(scp) |
| 1 | മൈലം | 9,00,000/- | 9,00,000/- | 0 | 0 | 9,00,000/- | 9,00,000/- |
| 2 | ഉമ്മന്നൂർ | 9,00,000/- | 5,50,000/- | 0 | 0 | 9,00,000/- | 5,50,000/- |
| 3 | കുളക്കട | 9,00,000/- | 9,00,000/- | 0 | 0 | 9,00,000/- | 9,00,000/- |
| 4 | വെട്ടിക്കവല | 9,00,000/-<br>7,12,000/- | 9,00,000/- | 0 | 0 | 16,12,000/- | 9,00,000/- |
| 5 | പവിത്രേശ്വരം | 9,00,000/- | 9,00,000/- | 0 | 0 | 9,00,000/- | 9,00,000/- |
| 6 | മേലില | 9,00,000/- | 0 | 0 | 0 | 9,00,000/- | 0 |
| | | | | | | 61,12,000/- | 41,50,000/- |
| ആകെ | | | | | | 1,02,62,000/- | |

വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി 1,02,62,000/-രൂപയുടെ തടസ്സം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 01/22-01-22

1-17 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ലാത്ത ഉദ്ഘാടനത്തിന് തുക ചെലവഴിച്ചു.

വെട്ടിക്കവല ബ്ലോക്ക് സഹകരണ ആശുപത്രി-ചക്കുവരയ്ക്കൽ-ന്റെ ഉദ്ഘാടനത്തിന്റെ ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൻറെ പൊതു ആവശ്യ ഗ്രാൻറിൽ നിന്നും 21,000/-രൂപാ സി ബി നം 41/19-20, തീയതി 05-09-2019 പ്രകാരം നല്കിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത ഉദ്ഘാടനമായതിനാലും വെട്ടിക്കവല ബ്ലോക്ക് സഹകരണ ആശുപത്രി, ചക്കുവരയ്ക്കൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനം അല്ലാത്തതിനാലും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള 21,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇതു സംബന്ധിച്ച് 02-02-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ക്രമവിരുദ്ധമായി ചെലവുചെയ്തതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ആവശ്യ ഗ്രാന്റിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരണം – 21,000/- രൂപ

ഓഡിറ്റ് അന്വേഷണം - 10/02-02-2022

1-18 പഠനമുറി ലഭിച്ചവർക്ക് അനുബന്ധസൗകര്യങ്ങൾ - പദ്ധതി നിർവഹണത്തിൽ ഗുരുതരവീഴ്ച.

പദ്ധതി നമ്പർ – 68/19-20
പദ്ധതി - പഠനമുറി ലഭിച്ചവർക്ക് ഡെസ്ക്ടോപ് അനുബന്ധസൗകര്യങ്ങൾ
നിർവഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ
അടങ്കൽ തുക – 12,00,000/-രൂപ(വികസനഫണ്ട്-എസ് സി പി)
ചെലവ് തുക – 11,38,232/-രൂപ

2019-20 വർഷം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് 'പഠനമുറി ലഭിച്ചവർക്ക് ഡെസ്ക്ടോപ് അനുബന്ധസൗകര്യങ്ങൾ' എന്ന പദ്ധതി. പഠനമുറിനിർമ്മാണം പൂർത്തീകരിച്ച എസ് സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഡെസ്ക്ടോപ്, കമ്പ്യൂട്ടർ ടേബിൾ, കുഷൻ കസേര, യു പി എസ് എന്നിവ ലഭ്യമാക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കെൽട്രോണിൽനിന്ന് ഒരു ഡെസ്ക്ടോപ്പിന് 30,785/-രൂപ (GST+TSP Charges ഉൾപ്പെടെ) നിരക്കിൽ ആകെ 9,23,550/-രൂപ (ബിൽ നം 4/7.9.19) ചെലവഴിച്ച് 30 ഡെസ്ക്ടോപുകൾ വാങ്ങിയിട്ടുണ്ട്. ARTCO ൽ നിന്ന് 1,39,052/-രൂപ(ബിൽ നം 6/28.10.19) ചെലവ് ചെയ്ത് 30 കമ്പ്യൂട്ടർ ടേബിളുകൾ, 30 കുഷൻ കസേരകൾ (₹3050.3/- Per Computer Table And ₹1545.8/-per Cuhioned Chair) 75,630/-രൂപ(ബിൽ നം 5/28.10.19) മുടക്കി 30 യു പി എസുകൾ (₹2521/-per Piece) എന്നിവയും വാങ്ങി. പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവയുടെ പരിശോധനയിലും 02-02-2022 ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എസ് സി പ്രൊമോട്ടർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് സംഘം നടത്തിയ ഭൗതികപരിശോധനയിലും കണ്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:14.02.2018 ലെ ഖണ്ഡിക 7.2.8 പ്രകാരമുള്ള ലാപ് ടോപ്പ് വാങ്ങൽ നടത്തുന്നതിന് പകരമായി ഡെസ്ക് ടോപ്പ് വാങ്ങൽ നടത്തി.

2. സ.ഉ.(സാധാ)നം.3847/2019/പൊ.വി.വ തിരുവനന്തപുരം.തീയതി, 27.09.2019 ലെ നിർദ്ദേശത്തിനനുസൃതമായി ലാപ് ടോപ് ഒന്നിന് 29,567/-രൂപ നിരക്കിലുള്ളതും സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതവുമായ സ്പെസിഫിക്കേഷനോടുകൂടിയ വാങ്ങൽ നടത്തിയില്ല. (ഇതുമൂലം ഗുണഭോക്താവൊന്നിന് Desktop, Computer Table, Chair, UPS എന്നിവ ലഭ്യമാക്കേണ്ടിവന്നു. ഇത് ചെലവിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. [Ie, 30785 + 3050.3 + 1545.8 + 2521 = 30,902.1/-)

3. പഠനമുറിനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം സംബന്ധിച്ച കൃത്യതയില്ലാതെ 30 വീതം Desktop, Computer Table, Chair, UPS എന്നിവ വാങ്ങി.

4. പഠനമുറി നിർമ്മാണം പൂർത്തീകരിച്ചവർക്ക് തന്നെയാണോ ഉപകരണങ്ങൾ നല്കിയത്, മുൻകാലങ്ങളിൽ കമ്പ്യൂട്ടർ കൈപ്പറ്റിയവർ ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നീ പ്രാഥമിക പരിശോധനകൾ നടത്തിയിട്ടില്ല.

5. ഗുണഭോക്താക്കളുടെ എണ്ണം മുൻകൂട്ടി നിശ്ചയിക്കാതെ 30 വീതം ഉപകരണങ്ങൾ വാങ്ങി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ, വിതരണ രേഖകൾ പ്രകാരം ആകെ 16 പേർക്ക് മാത്രമാണ് ഉപകരണങ്ങൾ നല്കിയത്.

6. വാങ്ങലുകൾ സംബന്ധമായ പ്രൊക്യൂർമെന്റ് തീരുമാനങ്ങൾ ലഭ്യമല്ല. രജിസ്റ്റർ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

7. ബ്ലോക്ക് പഞ്ചായത്തിലെ നിർവഹണ അധികാരികളുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതികപരിശോധനയിൽ ഡെസ്ക് ടോപ്പുകൾ അലക്ഷ്യമായി വച്ചിരിക്കുന്നതായും മിക്ക പായ്ക്കറ്റുകളും എലി കരണ്ട നിലയിലും കാണുകയുണ്ടായി.

8. ആകെയുള്ള 30 വീതം ഉപകരണങ്ങളിൽ 16 വീതം ഉപകരണങ്ങൾ 16 ഗുണഭോക്താക്കൾക്ക് നല്കികശേഷം 14 വീതം Desktop, Computer Table, Chair, UPS എന്നിവ ബാക്കിയാകേണ്ടതാണ്. എന്നാൽ ഭൗതികപരിശോധനയിൽ കണ്ടെത്തിയ ഇനങ്ങളുടെ എണ്ണം ചുവടെചേർക്കുന്നു.

Desktop Monitor – 10 എണ്ണം

CPU – 10 എണ്ണം

UPS – 13 എണ്ണം

Computer Table – 02 എണ്ണം

Cushioned Chairs – 04 എണ്ണം

9. 2019-20 ൽ വാങ്ങൽ നടത്തുകയും നിഷ്ക്രിയമായി രണ്ടുവർഷക്കാലമായി സൂക്ഷിക്കുകയും ചെയ്തിട്ടുള്ള ഡിജിറ്റൽ ഉപകണങ്ങളുടെ പ്രവർത്തനക്ഷമത പുനഃപരിശോധിക്കേണ്ട സാഹചര്യവുമുണ്ട്. വാറന്റി പീരീഡും നഷ്ടമായ നിലയാണുള്ളത്.

10. ആസൂത്രണമില്ലാതെ പദ്ധതി നിർവഹണം നടത്തിയതും വാങ്ങൽ നടത്തിയ ഉപകരണങ്ങൾ യഥാസമയം അർഹരായ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന് നല്കാതിരുന്നതും നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. കോവിഡ് മഹാമാരിക്കാലത്ത് ഡിജിറ്റൽ ഉപകരണങ്ങൾക്കായി പാവപ്പെട്ട വിദ്യാർത്ഥികൾ പ്രയാസത്തിലായ സന്ദർഭത്തിൽ പോലും ഇവ ഉപയോഗയോഗ്യമാക്കാതെയിരുന്നത് നീതീകരിക്കാൻ കഴിയുന്നതല്ല. തുടർന്ന് 05-08-2020 മുതൽക്ക് ചാർജ്ജെടുത്ത പട്ടികജാതി വികസന ഓഫീസറും ക്രിയാത്മകമായ യാതൊരു തുടർനടപടികളും സ്വീകരിക്കാത്ത സ്ഥിതിയാണ്.

11. ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ ഭരണനിർവഹണ വിഭാഗങ്ങളുടെ തുടർനിരീക്ഷണങ്ങൾ ഉണ്ടാകുന്നില്ല എന്നതിന്റെ ഉത്തമ ഉദാഹരണം കൂടിയാണിത്.

മേൽ സാഹചര്യത്തിൽ, വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ഉപകരണങ്ങളുടെ ചെലവ് തുക *3,52,906.8/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

*[ Desktop Monitor, CPU – 10 എണ്ണം X 30785/- = 3,07,850/-രൂ

UPS – 13 എണ്ണം X 2521/- = 32773/-രൂ

Computer Table – 02 എണ്ണം X 3050.3/- = 6,100.6/-രൂ

Cushioned Chairs – 04 എണ്ണം X 1545.8/- = 6,183.2/-രൂ ]

ഭൗതികപരിശോധനയിൽ കണ്ടെത്താനാകാത്ത ഉപകരണങ്ങളുടെ ചെലവിനത്തിലെ തുക **1,77,722.6/-രൂപ നിരാകരിക്കുന്നു. ചെലവിനത്തിലുള്ള നഷ്ടം നിർവഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

**[ Desk Top Monitor, CPU -04 എണ്ണം X 30785/- = 1,23,140/-രൂ

UPS – 01 എണ്ണം X 2521/- = 2521/-രൂ
Computer Table – 12 എണ്ണം X 3050.3/- = 36,603.6/-രൂ
Cushioned Chairs – 10 എണ്ണം X 1545.8/- =15,458/-രൂ ]
തടസ്സപ്പെടുത്തുന്ന തുക – 3,52,906.8/-രൂപ
നിരാകരിക്കുന്ന തുക – 1,77,722.6/-രൂപ
ഓഡിറ്റ് അന്വേഷണം – 13, 14/02-02-2022

1-19 വിവിധ സബ് സെന്ററുകളിൽ ടോയിലെറ്റ് നിർമ്മാണം - പ്രവൃത്തിമൂല്യം കരാർ തുകയിൽ പരിമിതപ്പെടുത്തിയിട്ടില്ല. 9,800/-രൂപ അധികം നല്കി

പ്രവൃത്തി- വിവിധ സബ് സെന്ററുകളിൽ ടോയിലെറ്റ് നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

അടങ്കൽ തുക - 7,00,000/-രൂപ (വികസന ഫണ്ട്)

കരാറുകാരൻ- ശ്രീ. സനിൽകുമാർ

കരാർ തുക- 6,07,638/-രൂപ

കരാർ-46/AE/LSGD/VTB/18-19/29-08-2018

ബിൽ നം-23/ 19-20, 20-07-2019

ടി പ്രവൃത്തിയുടെ അന്തിമ പ്രവൃത്തിമൂല്യം 6,17,438/-രൂപയാണ്. ഇത് കരാർ തുകയായ 6,07,638/-രൂപയിൽ പരിമിതപ്പെടുത്താതെ തുക നല്കിയതുമൂലം 9,800/-രൂപ കരാറുകാരന് അധികം നല്കി. അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. ബിൽ വിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിമൂല്യം – 6,17,438/-രൂ

(-) ഒന്നാം ഭാഗിക ബിൽ- 2,70,590/-രൂ

അന്തിമ ബിൽ തുക - 3,46,848/-രൂ

ബിൽ നം-23/ 19-20, 20-07-2019

നല്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം – 6,17,438/-രൂ

കരാർ തുകയിൽ പരിമിതപ്പെടുത്തുന്നു – 6,07,638/-രൂ

(-) ഒന്നാം ഭാഗിക ബിൽ - 2,70,590/-രൂ

അന്തിമ ബിൽ തുക - 3,37,048/-രൂ

അധികം നല്കിയ തുക - 9,800/-രൂ

തുക അധികം നല്കിയതു സംബന്ധിച്ച് 28-01-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5) അധികം നല്കിയ തുക തിരികെ അടച്ചുകൊള്ളാമെന്ന് മറുപടി ലഭ്യമാക്കി. അധികംനല്കിയ 9,800/-രൂപാ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ് .

നിരാകരണം – 9,800/- രൂപ

ഓഡിറ്റ് അന്വേഷണം-നം 5, തീയതി 28-02-2022

1-20 രേഖകൾ ഹാജരാക്കിയില്ല- 6,000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി | എസ്.0040/20- മൊബൈൽ വെറ്റിനറി ക്ലിനിക്ക് |
| അടങ്കൽ | 8,00,000/-രൂപ (വികസനഫണ്ട്) |

| | |
|---|---|
| ചെലവ് | 6,000/-രൂപ |
| നിർവഹണം | സീനിയർ വെറ്ററിനറി സർജൻ |

2019-20 വർഷത്തെ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം മൊബൈൽ വെറ്ററിനറി ക്ലിനിക് എന്ന പദ്ധതിക്കായി 6,000/-രൂപ ചെലവായിട്ടുണ്ട്. പദ്ധതി നിർവഹണത്തിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സം – 6,000/-രൂപ

ഓഡിറ്റ് റിക്വിസിഷൻ നം – 1/28.01.2022

1-21 നിയന്ത്രണപരിധിയിലല്ലാത്ത സ്ഥാപനത്തിന് ആസ്തി ആർജ്ജിക്കുന്നതിന് പൊതുപണം ചെലവഴിച്ച, 8,33,088/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷം അസി എഞ്ചിനീയർ. നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലോ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സർക്കാരിന്റെ നിയന്ത്രണത്തിലോ അല്ലാത്ത സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ബിൽ നം | തുക(രൂപ) |
|---|---|---|---|
| 1 | ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിക്ക് പാലിയേറ്റീവ് കെട്ടിട നിർമ്മാണപൂർത്തീകരണം | 3/ 19-20,29-06-2019 | 6,41,623/- |
| 2 | ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിക്ക് വയറിംഗും പ്ലംബിംഗും | 28/19-20, 14-10-20<br>29/19-19, 14-10-19 | 43,517/-<br>1,47,948/- |
| | | ആകെ | 8,33,088/- |

സബ്സിഡി മാർഗ്ഗരേഖയിൽ സഹകരണ മേഖലയ്ക്ക് ധനസഹായം നൽകാമെന്നു പറയുന്നുണ്ടെങ്കിലും അവ ചില പ്രത്യേക ഘടകങ്ങൾക്ക് വേണ്ടി ബാങ്കുകളിൽ നിന്നെടുക്കുന്ന വായ്പയ്ക്ക് ബാക്ക്-എൻഡ് സബ്സിഡിയായായാണ് നൽകേണ്ടത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.14ൽ നൽകാവുന്ന സബ്സിഡി നിർമ്മാണ ചെലവിന്റെ 80%/10 ലക്ഷത്തിൽ അധികരിക്കാതെ നൽകണമെന്നും ആകെ അടങ്കലിന്റെ 2/3 ഭാഗം സഹകരണ സംഘത്തിന്റെ ഗുണഭോക്തൃ വിഹിതമായി മുടക്കാൻ സംഘം സന്നദ്ധമായിരിക്കണം എന്ന് വ്യക്തമാക്കുന്നുണ്ട്. മാത്രമല്ല ഖണ്ഡിക 6.10.4ൽ സൂചിപ്പിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുകയും വേണം. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്ലാൻ ഫണ്ടിൽ നിന്ന് മുഴുവൻ തുകയും ചെലവഴിച്ചാണ് ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിയ്ക്ക് കെട്ടിടവും ടോയ്ലറ്റും പണികഴിപ്പിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ഇതു സംബന്ധിച്ച് യാതൊരു കരാറും ആശുപത്രി അധികൃതരുമായി ഉണ്ടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് 29-01-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം-6) ടി പ്രവൃത്തി സംബന്ധിച്ച് കോർഡിനേഷൻ കമ്മറ്റി തീരുമാനത്തിന് നല്കിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.10.3ൽ പറയുന്ന അപേക്ഷ സ്വീകരിക്കൽ നടപടികളുടെ വിവരങ്ങളും 6.10.4ലും 6.14ലും പറയുന്ന യോഗ്യതാ മാനദണ്ഡ വിവരങ്ങളും ഖണ്ഡിക 6.10.7ൽ സൂചിപ്പിക്കുന്ന കരാറും വായ്പ വിവരങ്ങളും ഹാജരാക്കുന്നതു വരെ ചക്കുവരയ്ക്കൽ സഹകരണ ആശുപത്രിയ്ക്കായി ചെലവഴിച്ചിട്ടുള്ള 8,33,088/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക- 8,33,088/-രൂപ

ഓഡിറ്റ് അന്വേഷണം- നം-6/29-01-2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പഠനമുറി ലഭിച്ചവർക്ക് അനുബന്ധസൗകര്യങ്ങൾ - പദ്ധതി നിർവഹണത്തിൽ ഗുരുതരവീഴ്ച.

പദ്ധതി നമ്പർ – 68/19-20

പദ്ധതി - പഠനമുറി ലഭിച്ചവർക്ക് ഡെസ്ക്ടോപ് അനുബന്ധസൗകര്യങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

അടങ്കൽ തുക – 12,00,000/-രൂപ(വികസനഫണ്ട്-എസ് സി പി)

ചെലവ് തുക – 11,38,232/-രൂപ

2019-20 വർഷം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് 'പഠനമുറി ലഭിച്ചവർക്ക് ഡെസ്ക്ടോപ് അനുബന്ധസൗകര്യങ്ങൾ' എന്ന പദ്ധതി. പഠനമുറിനിർമ്മാണം പൂർത്തീകരിച്ച എസ് സി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഡെസ്ക്ടോപ്, കമ്പ്യൂട്ടർ ടേബിൾ, കുഷൻ കസേര, യു പി എസ് എന്നിവ ലഭ്യമാക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് കെൽട്രോണിൽനിന്ന് ഒരു ഡെസ്ക്ടോപ്പിന് 30,785/-രൂപ (GST+TSP Charges ഉൾപ്പെടെ) നിരക്കിൽ ആകെ 9,23,550/-രൂപ (ബിൽ നം 4/7.9.19) ചെലവഴിച്ച് 30 ഡെസ്ക്ടോപുകൾ വാങ്ങിയിട്ടുണ്ട്. ARTCO ൽ നിന്ന് 1,39,052/-രൂപ(ബിൽ നം 6/28.10.19) ചെലവ് ചെയ്ത് 30 കമ്പ്യൂട്ടർ ടേബിളുകൾ, 30 കുഷൻ കസേരകൾ (₹3050.3/- Per Computer Table And ₹1545.8/-per Cuhioned Chair) 75,630/-രൂപ(ബിൽ നം 5/28.10.19) മുടക്കി 30 യു പി എസുകൾ (₹2521/-per Piece) എന്നിവയും വാങ്ങി. പദ്ധതിനിർവഹണവുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഗുണഭോക്താക്കളുടെ അപേക്ഷകൾ എന്നിവയുടെ പരിശോധനയിലും 02-02-2022 ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എസ് സി പ്രൊമോട്ടർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് സംഘം നടത്തിയ ഭൗതികപരിശോധനയിലും കണ്ട പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ, തിരുവനന്തപുരം, തീയതി:14.02.2018 ലെ ഖണ്ഡിക 7.2.8 പ്രകാരമുള്ള ലാപ് ടോപ്പ് വാങ്ങൽ നടത്തുന്നതിന് പകരമായി ഡെസ്ക് ടോപ്പ് വാങ്ങൽ നടത്തി.

2. സ.ഉ.(സാധാ)നം.3847/2019/പൊ.വി.വ തിരുവനന്തപുരം.തീയതി, 27.09.2019 ലെ നിർദ്ദേശത്തിനനുസൃതമായി ലാപ് ടോപ് ഒന്നിന് 29,567/-രൂപ നിരക്കിലുള്ളതും സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതവുമായ സ്പെസിഫിക്കേഷനോടുകൂടിയ വാങ്ങൽ നടത്തിയില്ല. (ഇതുമൂലം ഗുണഭോക്താവൊന്നിന് Desktop, Computer Table, Chair, UPS എന്നിവ ലഭ്യമാക്കേണ്ടിവന്നു. ഇത് ചെലവിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു. [Ie, 30785 + 3050.3 + 1545.8 + 2521 = 30,902.1/-)

3. പഠനമുറിനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം സംബന്ധിച്ച കൃത്യതയില്ലാതെ 30 വീതം Desktop, Computer Table, Chair, UPS എന്നിവ വാങ്ങി.

4. പഠനമുറി നിർമ്മാണം പൂർത്തീകരിച്ചവർക്ക് തന്നെയാണോ ഉപകരണങ്ങൾ നല്കിയത്,

മുൻകാലങ്ങളിൽ കമ്പ്യൂട്ടർ കൈപ്പറ്റിയവർ ടി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നീ പ്രാഥമിക പരിശോധനകൾ നടത്തിയിട്ടില്ല.

5. ഗുണഭോക്താക്കളുടെ എണ്ണം മുൻകൂട്ടി നിശ്ചയിക്കാതെ 30 വീതം ഉപകരണങ്ങൾ വാങ്ങി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കൂടാതെ, വിതരണ രേഖകൾ പ്രകാരം ആകെ 16 പേർക്ക് മാത്രമാണ് ഉപകരണങ്ങൾ നല്കിയത്.

6. വാങ്ങലുകൾ സംബന്ധമായ പ്രൊക്യൂർമെന്റ് തീരുമാനങ്ങൾ ലഭ്യമല്ല. രജിസ്റ്റർ രേഖപ്പെടുത്തലുകൾ ആധികാരികമാക്കിയിട്ടില്ല.

7. ബ്ലോക്ക് പഞ്ചായത്തിലെ നിർവഹണ അധികാരികളുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ ഭൗതികപരിശോധനയിൽ ഡെസ്ക് ടോപ്പുകൾ അലക്ഷ്യമായി വച്ചിരിക്കുന്നതായും മിക്ക പായ്ക്കറ്റുകളും എലി കരണ്ട നിലയിലും കാണുകയുണ്ടായി.

8. ആകെയുള്ള 30 വീതം ഉപകരണങ്ങളിൽ 16 വീതം ഉപകരണങ്ങൾ 16 ഗുണഭോക്താക്കൾക്ക് നല്കികശേഷം 14 വീതം Desktop, Computer Table, Chair, UPS എന്നിവ ബാക്കിയാകേണ്ടതാണ്. എന്നാൽ ഭൗതികപരിശോധനയിൽ കണ്ടെത്തിയ ഇനങ്ങളുടെ എണ്ണം ചുവടെചേർക്കുന്നു.

Desktop Monitor – 10 എണ്ണം

CPU – 10 എണ്ണം

UPS – 13 എണ്ണം

Computer Table – 02 എണ്ണം

Cushioned Chairs – 04 എണ്ണം

9. 2019-20 ൽ വാങ്ങൽ നടത്തുകയും നിഷ്ക്രിയമായി രണ്ടുവർഷക്കാലമായി സൂക്ഷിക്കുകയും ചെയ്തിട്ടുള്ള ഡിജിറ്റൽ ഉപകണങ്ങളുടെ പ്രവർത്തനക്ഷമത പുനഃപരിശോധിക്കേണ്ട സാഹചര്യവുമുണ്ട്. വാറന്റി പീരീഡും നഷ്ടമായ നിലയാണുള്ളത്.

10. ആസൂത്രണമില്ലാതെ പദ്ധതി നിർവഹണം നടത്തിയതും വാങ്ങൽ നടത്തിയ ഉപകരണങ്ങൾ യഥാസമയം അർഹരായ, സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന് നല്കാതിരുന്നതും നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. കോവിഡ് മഹാമാരിക്കാലത്ത് ഡിജിറ്റൽ ഉപകരണങ്ങൾക്കായി പാവപ്പെട്ട വിദ്യാർത്ഥികൾ പ്രയാസത്തിലായ സന്ദർഭത്തിൽ പോലും ഇവ ഉപയോഗയോഗ്യമാക്കാതെയിരുന്നത് നീതീകരിക്കാൻ കഴിയുന്നതല്ല. തുടർന്ന് 05-08-2020 മുതൽക്ക് ചാർജ്ജെടുത്ത പട്ടികജാതി വികസന ഓഫീസറും ക്രിയാത്മകമായ യാതൊരു തുടർനടപടികളും സ്വീകരിക്കാത്ത സ്ഥിതിയാണ്.

11. ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ ഭരണനിർവഹണ വിഭാഗങ്ങളുടെ തുടർനിരീക്ഷണങ്ങൾ ഉണ്ടാകുന്നില്ല എന്നതിന്റെ ഉത്തമ ഉദാഹരണം കൂടിയാണിത്.

മേൽ സാഹചര്യത്തിൽ, വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ള ഉപകരണങ്ങളുടെ ചെലവ് തുക *3,52,906.8/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

*[ Desktop Monitor, CPU – 10 എണ്ണം X 30785/- = 3,07,850/-രൂ

UPS – 13 എണ്ണം X 2521/- = 32773/-രൂ

Computer Table – 02 എണ്ണം X 3050.3/- = 6,100.6/-രൂ

Cushioned Chairs – 04 എണ്ണം X 1545.8/- = 6,183.2/-രൂ ]

ഭൗതികപരിശോധനയിൽ കണ്ടെത്താനാകാത്ത ഉപകരണങ്ങളുടെ ചെലവിനത്തിലെ തുക **1,77,722.6/-രൂപ നിരാകരിക്കുന്നു. ചെലവിനത്തിലുള്ള നഷ്ടം നിർവഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

**[ Desk Top Monitor, CPU -04 എണ്ണം X 30785/- = 1,23,140/-രൂ

UPS – 01 എണ്ണം X 2521/- = 2521/-രൂ

Computer Table – 12 എണ്ണം X 3050.3/- = 36,603.6/-രൂ

Cushioned Chairs – 10 എണ്ണം X 1545.8/- =15,458/-രൂ ]

തടസ്സപ്പെടുത്തുന്ന തുക – 3,52,906.8/-രൂപ

നിരാകരിക്കുന്ന തുക – 1,77,722.6/-രൂപ

ഓഡിറ്റ് അന്വേഷണം – 13, 14/02-02-2022

3-2 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയല്ലാത്ത ഉദ്ഘാടനത്തിന് തുക ചെലവഴിച്ചു.

വെട്ടിക്കവല ബ്ലോക്ക് സഹകരണ ആശുപത്രി-ചക്കുവരയ്ക്കൽ-ന്റെ ഉദ്ഘാടനത്തിന്റെ ചെലവുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൻറെ പൊതു ആവശ്യ ഗ്രാൻറിൽ നിന്നും 21,000/-രൂപ സി ബി നം 41/19-20, തീയതി 05-09-2019 പ്രകാരം നല്കിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന് ചുമതലയില്ലാത്ത ഉദ്ഘാടനമായതിനാലും വെട്ടിക്കവല ബ്ലോക്ക് സഹകരണ ആശുപത്രി, ചക്കുവരയ്ക്കൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനം അല്ലാത്തതിനാലും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുള്ള 21,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഇതു സംബന്ധിച്ച് 02-02-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ക്രമവിരുദ്ധമായി ചെലവുചെയ്തതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ പൊതു ആവശ്യ ഗ്രാന്റിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരണം – 21,000/- രൂപ

ഓഡിറ്റ് അന്വേഷണം - 10/02-02-2022

3-3 വിവിധ സബ് സെന്ററുകളിൽ ടോയിലെറ്റ് നിർമ്മാണം - പ്രവൃത്തിമൂല്യം കരാർ തുകയിൽ പരിമിതപ്പെടുത്തിയിട്ടില്ല. 9,800/-രൂപ അധികം നൽകി.

പ്രവൃത്തി- വിവിധ സബ് സെന്ററുകളിൽ ടോയിലെറ്റ് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

അടങ്കൽ തുക - 7,00,000/-രൂപ (വികസന ഫണ്ട്)

കരാറുകാരൻ- ശ്രീ. സനിൽകുമാർ

കരാർ തുക- 6,07,638/-രൂപ

കരാർ-46/AE/LSGD/VTB/18-19/29-08-2018

ബിൽ നം-23/ 19-20, 20-07-2019

ടി പ്രവൃത്തിയുടെ അന്തിമ പ്രവൃത്തിമൂല്യം 6,17,438/-രൂപയാണ്. ഇത് കരാർ തുകയായ 6,07,638/-രൂപയിൽ പരിമിതപ്പെടുത്താതെ തുക നല്കിയതുമൂലം 9,800/-രൂപ കരാറുകാരന് അധികം നല്കി. അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. ബിൽ വിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിമൂല്യം – 6,17,438/-രൂ

(-) ഒന്നാം ഭാഗിക ബിൽ- 2,70,590/-രൂ

അന്തിമ ബിൽ തുക - 3,46,848/-രൂ

ബിൽ നം-23/ 19-20, 20-07-2019

നല്കേണ്ടിയിരുന്നത്

പ്രവൃത്തിമൂല്യം – 6,17,438/-രൂ

കരാർ തുകയിൽ പരിമിതപ്പെടുത്തുന്നു – 6,07,638/-രൂ

(-) ഒന്നാം ഭാഗിക ബിൽ - 2,70,590/-രൂ

അന്തിമ ബിൽ തുക - 3,37,048/-രൂ

അധികം നല്കിയ തുക - 9,800/-രൂ

തുക അധികം നല്കിയതു സംബന്ധിച്ച് 28-01-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5) അധികം നല്കിയ തുക തിരികെ അടച്ചുകൊള്ളാമെന്ന് മറുപടി ലഭ്യമാക്കി. അധികംനല്കിയ 9,800/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ് .

നിരാകരണം – 9,800/- രൂപ

ഓഡിറ്റ് അന്വേഷണം-നം 5, തീയതി 28-02-2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 21.1.2022 | കെ.എസ്.എ.കെ.എൽ.എം.പി.11/176/22 തീയതി. 03/07/2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| PWD-Electronics Division | എസ്.12/20-കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ | 1904010000000/31.3.2020 | 47,000/- | - | 47,000/- |
| കേരളാ വാട്ടർ അതോറിറ്റി | എസ്.85/20-എസ്.സി കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ | | | | |
| | 1. | 734443164 | 7,30,000/- | | 7,30,000/- |
| | 2. | 728601580 | 4,60,000/- | | 4,60,000/- |
| | 3. | 728601582 | 2,81,600/- | | 2,81,600/- |
| | 4. | 734443168 | 10,94,000/- | | 10,94,000/- |
| | 5. | 734443162 | 8,82,900/- | | 8,82,900/- |
| | 6. | 734443166 | 11,80,000/- | | 11,80,000/- |
| | 7. | 754950192 | 1,77,100/- | | 1,77,100/- |
| GWD | എസ്.136/20-ആറ്റുവാശ്ശേരി കരിക്കത്തിൽ കോളനി കുടിവെള്ള പദ്ധതി | 190401 | 8,58,618/- | 8,45,430/- | 13,188/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 0/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | | | 6,000,000/- | 5,999,999/- | | 1/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഈടാക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2012-13 | അധികം തുക നൽകിയത് | 1,962/- | ഏലിയാമ്മ ജോർജ് | 4707127/10.6.2020 |
| 2018-19 | 1.8 | 8,430/- | AEXE.Vettikkavala Block | 47017378/5.10.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | - | 2001-02 | 5.13(i) | പുത്തൂർ പ്രീ-മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്ക് കട്ടിലും, കസേരയും വാങ്ങി വിതരണം | ലഭ്യമല്ല |
| 1998-99 | - | 2001-02 | 5.13(ii) | റഫറൻസ് ലൈബ്രറി വ്യാപനം | - |
| 1999-2000 | 28 | 2002-03 | 7.3(i) | ഗുണഭോക്തൃ കമ്മിറ്റി ചെലവ് അനുവദനീയമല്ല | - |
| 1999-2000 | 29 | 2002-03 | 7.3(ii) | അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണംഅധികച്ചെലവ് നിരാകരിക്കുന്നു | - |
| 1999-2000 | 35 | 2002-03 | 7.3(iii) | ഭൂരഹിത പട്ടിക വിഭാഗ പുനരധിവാസപദ്ധതി യോഗ്യതയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി | - |
| 2007-08 | 3-22 | 2010-11 | 5.4.2 | ഗവ. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി SGSRY പദ്ധതിയിൽ 31.3.08-ൽ അഡ്വാൻസ് നൽകി | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 11,35,42,205/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,17,99,671/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,08,523/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,84,31,783/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). <*പഞ്ചായത്ത് *>ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക(രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,77,723/- | ശ്രീ. സുനിൽകുമാർ, പട്ടികജാതി വികസന ഓഫീസർ |
| 3-2 | | 21,000/- | ശ്രീ. വിഷ്ണു ആർ, സെക്രട്ടറി |
| 3-3 | | 9,800/- | ശ്രീമതി. ഒസീലാ ബീവി, അസി എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 48,05,600/- | ശ്രീ. വിഷ്ണു ആർ, സെക്രട്ടറി |
| 1-13 | 47,000/- | ശ്രീ. വിഷ്ണു ആർ, സെക്രട്ടറി |
| 1-14 | 20,13,188/- | ശ്രീ.വിഷ്ണു ആർ,സെക്രട്ടറി |
| 1-15 | 1,12,000/- | ശ്രീ.വിഷ്ണു ആർ,സെക്രട്ടറി |
| 1-16 | 1,02,62,000/- | ശ്രീ.വിഷ്ണു ആർ,സെക്രട്ടറി |
| 1-18 | 3,52,907/- | ശ്രീ.സുനിൽകുമാർ,പട്ടികജാതി വികസന ഓഫീസർ |
| 1-20 | 6,000/- | ഡോ.നിസാം.എം, സീനിയർ വെറ്റിനറി സർജൻ |
| 1-21 | 8,33,088/- | ശ്രീമതി. ഒസീലാ ബീവി, അസി എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിഷ്ണു ആർ, സെക്രട്ടറി | കെ എ എസ് ട്രെയിനി | പുത്തൻപുരയ്ക്കൽ,എസ് ആർ പി മാർക്കറ്റ്,തഴവ കരുനാഗപ്പള്ളി |
| ഡോ.ശോഭ കെ, മെഡിക്കൽ ഓഫീസർ സി എച്ച് സി, കുളക്കട | മെഡിക്കൽ ഓഫീസർ സി എച്ച് സി, കുളക്കട | ഷൺമുഖപ്രിയ,മേരാനഗർ 31/എ കാവനാട് പി ഓ |
| ശ്രീ.സുനിൽകുമാർ, പട്ടികജാതി വികസന ഓഫീസർ | അസി.ജില്ലാ ഓഫീസർ, പട്ടികജാതി വികസനവകുപ്പ്, കൊല്ലം | മുടിയിൽ താഴതിൽവീട്, ആയിക്കുന്നം, ശാസ്താംകോട്ട |
| ഡോ.നിസാം എം എ, സീനിയർ വെറ്റിനറി സർജൻ | സീനിയർവെറ്റിനറി സർജൻ, വെട്ടിക്കവല ബ്ലോക്ക് | ബർക്കത്ത്, കടയ്ക്കൽ റോഡ് നിലമേൽ |

| | | |
|---|---|---|
| ശ്രീമതി ഒസീലാ ബീവി, അസി. എഞ്ചിനീയർ | അസി എഞ്ചിനീയർ, എടത്വ ഗ്രാമ പഞ്ചായത്ത് | നടയിൽമേലതിൽ, നടുവിലത്തേരി, കാഞ്ഞാവെളി പിഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 11 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 7 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 10 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 4 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 9 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 6 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം പി11-31/2018 /19.02.18 | 8 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി 1518(4)/14/08.07.14 | 9 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി 1518(3)/14/08.07.14 | 10 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി 1518(2)/14/08.07.14 | 12 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി 1518(1)/14/08.07.14 | 17 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം പി11/1598/18.11.15 | 17 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം പി11/1598/18.11.15 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം പി11/1984 /17/11.12.17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം പി11/52 /17/17.04.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം പി11/1034 /2020/20.11.2020 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്